പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 19

# 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 19

**2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ**

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം. എൽ. എ. നോട്ടീസ് നൽകിയത്)





പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 19

## 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് വിവിധ മേഖലകളിലെ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരം നിശ്ചയിക്കുന്നതിനും ഭക്ഷണ-പാനീയങ്ങളുടെ ഗുണവും, വിലയും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് വൻകിട പട്ടണങ്ങൾ തുടങ്ങി ചെറുഗ്രാമങ്ങൾ വരെയുള്ള വിവിധ പ്രദേശങ്ങളിൽ വിവിധ നിലവാരത്തിലുള്ള ഹോട്ടലുകളും റെസ്റ്റോറന്റുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയ്ക്ക് വേണ്ടത്ര നിയന്ത്രണങ്ങളോ, നിബന്ധനകളോ കാലാനുസൃതമായി ഏർപ്പെടുത്താത്തതിനാലും വിവിധ സ്ഥാപനങ്ങളിൽ ഗുണനിലവാരവും വിലയും അളവും വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നതിനാലും ഉപഭോക്താക്കൾ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യത്തിൽ, ഇത് പരിഹരിക്കുന്നതിനായി ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും അവയുടെ നിലവാരത്തിനനുസൃതമായി തരംതിരിച്ച് ഭക്ഷണ പദാർത്ഥങ്ങളുടെ വില ഏകീകരണം ഉറപ്പാക്കേണ്ടതിന് ഒരു നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യം യുക്തമായതിനാൽ:—

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് “2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും, ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ആക്ട്” എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇതിന് കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ:

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "ചട്ടങ്ങൾ" എന്നാൽ ഈ ആക്ട് പ്രകാരം ഗവൺമെന്റ് രൂപീകൃത ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "വകുപ്പ്" എന്നാൽ ഈ ആക്ടിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(എഫ്) "ജില്ലാ കളക്ടർ" എന്നാൽ സംസ്ഥാനത്തെ ഏതൊരു ജില്ലയിലാണോ ആ ജില്ലയിലെ കളക്ടർ എന്നർത്ഥമാകുന്നു ;

(ജി) "ജില്ലാ പഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ്-ലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എച്ച്) "ബ്ലോക്ക് പഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് ആക്ടിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ഐ) "ഗ്രാമ പഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ജെ) "മുനിസിപ്പാലിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(കെ) "ഫണ്ട്" എന്നാൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന ഒരു നിശ്ചിത തുകയും സർക്കാർ വിവിധ പദ്ധതിപ്രകാരം നൽകുന്ന തുകയും ഉൾപ്പെടുന്നതാകുന്നു ;

(എൽ) "ഹോട്ടലുകൾ" എന്നാൽ സ്റ്റാർ സൗകര്യങ്ങൾ ഉള്ളതോ അല്ലാത്തതോ ആയ താമസസൗകര്യങ്ങൾ ഉള്ളതും താമസസൗകര്യങ്ങൾ ഇല്ലാത്തതുമായതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടും നിയന്ത്രണത്തോടും പ്രവർത്തിക്കുന്ന സസ്യ-സസ്യേതര ഭക്ഷണശാല എന്നർത്ഥമാകുന്നു;

(എം) "റെസ്റ്റോറന്റ്" എന്നാൽ താമസസൗകര്യങ്ങൾ ഇല്ലാത്തതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടും നിയന്ത്രണത്തോടും പ്രവർത്തിക്കുന്ന സസ്യ-സസ്യേതര ഭക്ഷണശാല എന്നർത്ഥമാകുന്നു;



(എൻ) "സംസ്ഥാന ഹോട്ടൽ/റെസ്റ്റോറന്റ് നിലവാര നിയന്ത്രണ അതോറിറ്റി" എന്നാൽ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണവും, അളവും, വിലനിലവാരവും, നിയന്ത്രണവും, കാലാനുസൃതമായ പരിഷ്കാരങ്ങളും, പരിശോധനകളും നടത്തുന്നതിനും സംസ്ഥാനാടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഒരു സമിതി എന്നർത്ഥമാകുന്നു;

(ഒ) "ജില്ലാ ഹോട്ടൽ റസ്റ്റോറന്റ് നിലവാര നിയന്ത്രണ അതോറിറ്റി" എന്നാൽ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണവും വിലനിലവാരവും നിയന്ത്രിക്കുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങളും പരിശോധനകളും നടത്തുന്നതിനും ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതി എന്നർത്ഥമാകുന്നു;

(പി) "മുനിസിപ്പൽ കോർപ്പറേഷൻ ഹോട്ടൽ/റെസ്റ്റോറന്റ് നിലവാര നിയന്ത്രണ അതോറിറ്റി" എന്നാൽ അതത് പ്രദേശത്തെ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണവും വിലനിലവാരവും നിയന്ത്രിക്കുന്നതിനും അതത് മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ രൂപീകരിക്കുന്ന സമിതി എന്നർത്ഥമാകുന്നു;

(ക്യു) "ഗ്രാമപഞ്ചായത്തുതല ഹോട്ടൽ/റെസ്റ്റോറന്റ് നിലവാര നിയന്ത്രണ അതോറിറ്റി" എന്നാൽ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ പാനീയങ്ങളുടെ ഗുണവും വിലനിലവാരവും നിയന്ത്രിക്കുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങളും പരിശോധനകളും നടത്തുന്നതിനും ഉപദേശനിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്ന സമിതി എന്നർത്ഥമാകുന്നു.

3. കമ്മിറ്റികളുടെ രൂപീകരണം.—(1) ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും സംസ്ഥാന അതോറിറ്റിയുടെ രൂപീകരണവും ഘടനയും.

ഈ ആക്ട് പ്രാബല്യത്തിൽവന്ന് എത്രയുംവേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തിനുവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള സംസ്ഥാന അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) കേരള സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ചെയർമാനായിരിക്കേണ്ടതാണ് ;

(ബി) കേരള സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറി—സെക്രട്ടറിയായിരിക്കേണ്ടതാണ് ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എം. എൽ. എ.-മാർ - മെമ്പർമാരായിരിക്കേണ്ടതാണ് ;

(ഡി) കേരള സംസ്ഥാന-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികൾ—മെമ്പർമാരായിരിക്കേണ്ടതാണ് ;

(ഇ) സർക്കാർ നാമനിർദ്ദേശം നൽകുന്ന മൂന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ-അംഗങ്ങളായിരിക്കേണ്ടതാണ്.

(3) സംസ്ഥാന അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും :

(എ) ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി സംസ്ഥാനത്താകെയുള്ള വിവിധ നിലവാരത്തിലുള്ള അതോറിറ്റിയുടെ രൂപീകരണവും അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും സംസ്ഥാന അതോറിറ്റിയുടെ അധികാരത്തിൽപ്പെടുന്നു ;

(ബി) പരാതികളും താഴെ അതോറിറ്റികളിൽനിന്നും വരുന്ന അഭിപ്രായങ്ങളും പരിശോധിച്ച് സ്ഥലകാല പരിതസ്ഥിതികൾക്കനുസരിച്ച് കാലാനുസൃതമായ പരിഷ്കാരങ്ങളും നിർദ്ദേശങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കുക ;

(സി) ഹോട്ടലുകളുടെയും, റെസ്റ്റോറന്റുകളുടെയും പരിപാലനനിയന്ത്രണത്തെ കുറിച്ച്, ഏതെങ്കിലും കേന്ദ്ര സംസ്ഥാന ആക്ടുകളോ ഉത്തരവുകളോ ഉണ്ടെങ്കിലോ പുതുതായി പുറപ്പെടുവിക്കുകയോ ചെയ്യുകയാണെങ്കിൽ അതിന് വിധേയമായി മറ്റ് സർക്കാർ വകുപ്പുകളുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് നിയമനിർമ്മാണം ആവശ്യമായിവന്നാൽ അതിന് സർക്കാരിനെ ഉപദേശിക്കുക ;

(ഡി) സംസ്ഥാനത്തെ ഹോട്ടലുകളുടെയും, റെസ്റ്റോറന്റുകളുടെയും തരംതിരിവിനും വില നിശ്ചയിക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക.

4. ജില്ലാ ഹോട്ടലുകൾ/റെസ്റ്റോറന്റ് നിലവാര നിയന്ത്രണ അതോറിറ്റി രൂപീകരണവും ഘടനയും.—(1) ഈ ആക്ട് നിലവിൽവന്നതിനുശേഷം എത്രയുംവേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കുംവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതിമുതൽ പ്രാബല്യമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ അതോറിറ്റിയിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ് :

(എ) ജില്ലാ കളക്ടർ—എക്സ്-ഒഫീഷ്യോ ;

(ബി) അതത് ജില്ലയിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/അംഗം ;

(സി) ജില്ലയിലെ നിയമസഭാ സാമാജികർ ;

(ഡി) ജില്ലയിലെ ക്രമസമാധാന ചുമതലയുള്ള ജില്ലാ പോലീസ് സൂപ്രണ്ട് ;



(ഇ) ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ—എക്സ്-ഒഫീഷ്യോ ;

(എഫ്) ജില്ലയിൽ ജോലിനോക്കുന്ന ജില്ലാ ഓഫീസറിൽ കുറയാത്ത ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ—എക്സ്-ഒഫീഷ്യോ ;

(ജി) ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ/ചെയർപേഴ്സൺ, മുനിസിപ്പൽ കൗൺസിൽ ചെയർമാൻ/ചെയർപേഴ്സൺ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ ;

(എച്ച്) ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം നൽകുന്ന ഒരംഗം ;

(ഐ) ജില്ലയിൽ സേവനം അനുഷ്ഠിക്കുന്ന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ജില്ലാ ഓഫീസർ ;

(ജെ) ജില്ലയുടെ അധികാരമുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർ ;

(കെ) ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ ;

(എൽ) ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത അതോറിറ്റിയുടെ ചെയർമാനും ജില്ലാ കളക്ടർ സെക്രട്ടറിയായിരിക്കേണ്ടതുമാണ്.

(4) ജില്ലാ അതോറിറ്റി, ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്ട് പ്രകാരം അതിന് കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും ഏൽപ്പിച്ചുകൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ് .

5. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലെ അതോറിറ്റിയുടെ രൂപീകരണവും ഘടനയും.—(1) ജില്ലാ കളക്ടർക്ക് ഒരു ജില്ലയിൽ സ്ഥിതിചെയ്യുന്ന എല്ലാ ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പൽ/കോർപ്പറേഷനുകളിലെയും ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണപാനീയങ്ങളുടെ ഗുണവിലനിയന്ത്രണത്തിനുമായി പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിന്റെ പേരോടുകൂടിയ അതോറിറ്റികൾ താഴെപ്പറയുന്ന പ്രകാരം രൂപീകരിക്കേണ്ടതാണ് :

(എ) ബന്ധപ്പെട്ട ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സണൽ/മേയർ ;

(ബി) പ്രസ്തുത ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ സെക്രട്ടറി—എക്സ്-ഒഫീഷ്യോ ;

(സി) പ്രസ്തുത പ്രദേശത്തെ ക്രമസമാധാന ചുമതലയുള്ള പോലീസ് സബ് ഇൻസ്പെക്ടർ ;

(ഡി) പ്രസ്തുത പ്രദേശത്തെ അധികാരികതയുള്ള ബി.ഡി.ഒ./വില്ലേജ് ഓഫീസർ ;

(ഇ) പ്രസ്തുത തദ്ദേശ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ/ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ;

(എഫ്) അതത് തദ്ദേശ സ്ഥാപനത്തിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ/ചെയർപേഴ്സൺ.

(2) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റോ ചെയർമാൻ/ചെയർപേഴ്സണോ അതത് സംഗതിപോലെ അതോറിറ്റിയുടെ ചെയർമാനായിരിക്കേണ്ടതും ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ സെക്രട്ടറിയോ അതത് സംഗതിപോലെ കമ്മിറ്റിയുടെ സെക്രട്ടറിയായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻ തീരുമാനിക്കുന്നപ്രകാരമുള്ള സ്ഥലത്തും സമയത്തും പ്രസ്തുത അതോറിറ്റിയുടെ യോഗം ചേരേണ്ടതും ഈ ആക്ട് പ്രകാരമോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ നടത്തികൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതാണ്.

6. ഔദ്യോഗിക കാലാവധി.—(1) ഈ ആക്ടിൽ മറ്റുതരത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളിടത്ത് ഒഴികെ അതത് സംഗതിപോലെ സംസ്ഥാന ജില്ലാ അതോറിറ്റിയുടെയും അഥവാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അതോറിറ്റിയുടേയും എക്സ്-ഒഫീഷ്യോകളും ഔദ്യോഗിക അംഗങ്ങളും ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശ തീയതിമുതൽ മൂന്നുവർഷം ആയിരിക്കുന്നതും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (1) ഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന ഒരു അംഗം അതത് സംഗതിപോലെ സർക്കാരിന്റേയോ അല്ലെങ്കിൽ ജില്ലാ കളക്ടറേയോ രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതും അതത് സംഗതിപോലെ സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ രാജി സ്വീകരിക്കുന്ന മുറയ്ക്ക് അയാൾ അംഗം അല്ലാതായിതീരുന്നതുമാണ്.

7. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ അതത് അതോറിറ്റികളുടേയോ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന്.—ജില്ലാ അതോറിറ്റിയോ/ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതോറിറ്റിയോ ചെയ്ത ഏതൊരു പ്രവൃത്തിയോ എടുത്ത ഏതൊരു നടപടിയോ,—



(എ) മേൽപ്പറഞ്ഞ അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവിന്റേയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയാലോ ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത മേൽപ്പറഞ്ഞ അതോറിറ്റികളുടെ നടപടികളിൽ ഉള്ള ഏതെങ്കിലും ക്രമക്കേടിന്റേയോ കാരണങ്ങളാൽ മാത്രം അസാധുവാക്കപ്പെടുന്നതല്ല.

8. ഒഴിവുകൾ.—(1) ജില്ലാ അതോറിറ്റിയിലോ ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതോറിറ്റിയിലോ ഉണ്ടാകുന്ന ഏതൊരൊഴിവും കഴിയുന്നതുംവേഗം നാമനിർദ്ദേശമായി അതത് സംഗതിപോലെ സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ നികത്തേണ്ടതാണ്.

(2) ആകസ്മികഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ അയാൾ ഏത് അംഗത്തിന്റെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ ഒഴിവുണ്ടാകാതിരുന്നുവെങ്കിൽ പ്രസ്തുത അംഗത്തിന് ഉദ്യോഗത്തിൽ തുടരാമായിരുന്ന കാലാവധി വരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

9. ജില്ലാ അതോറിറ്റിയുടെ യോഗങ്ങൾ.—(1) ജില്ലാ അതോറിറ്റി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും യോഗം ചേരേണ്ടതും ആവശ്യമെങ്കിൽ എല്ലാ മാസവും യോഗം ചേരേണ്ടതുമാണ്.

(2) യോഗത്തിനുള്ള ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാൻ തന്റെ അസാന്നിദ്ധ്യത്തിൽ യോഗത്തിന് അദ്ധ്യക്ഷത വഹിക്കുവാൻ അംഗങ്ങളിൽ ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

10. ജില്ലാ അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(എ) ഈ ആക്ടിലെ മറ്റ് വ്യവസ്ഥകളും, അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി ജില്ലാ അതോറിറ്റിക്ക് താഴെ പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. ജില്ലയിൽ നിലവിലുള്ള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും അവസ്ഥയെ കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും അവയ്ക്ക് കാലാനുസൃതമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നിബന്ധനകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

(ബി) ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടെയും പരിപാലനത്തെക്കുറിച്ചും നിയന്ത്രണത്തെക്കുറിച്ചും ഏതെങ്കിലും കേന്ദ്ര-സംസ്ഥാന ആക്ടുകളോ ഉത്തരവുകളോ ഉണ്ടെങ്കിൽ അതിന് വിധേയമായും മറ്റു സർക്കാർ വകുപ്പുകളുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ടും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ആവശ്യമായ കാലികമായ നിയമനിർമ്മാണത്തിനായി സർക്കാരിന് നിർദ്ദേശം നൽകുക.

(സി) ജില്ലയിലെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും സന്ദർശനം നടത്തുകയും അവയുടെ നിലവാരവും ഗുണവിലവിവരവും ബോധ്യപ്പെടുകയും നിലവിലുള്ള നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

(ഡി) ജില്ലയിലെ ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും പ്രവർത്തന മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുക.

(ഇ) ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കുകയും ഈ ആക്ടിന്റെ ലക്ഷ്യം നേടുന്നതിന് അവയെ പര്യാപ്തമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

(എഫ്) ജില്ലയിലെ പഞ്ചായത്ത് മുനിസിപ്പൽ അതോറിറ്റികൾ ഈ ആക്ട് പ്രകാരം അവയ്ക്ക് നൽകിയ അധികാരവും കർത്തവ്യവും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

(ജി) ഹോട്ടലുകളും റെസ്റ്റോറന്റുകളും സംരക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടി കൈക്കൊള്ളുവാൻ സർക്കാരിനെ ഉപദേശിക്കുക.

(എച്ച്) വർഷത്തിലെ ഏതെങ്കിലും ചില പ്രത്യേക സീസണിൽ ഏതെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ പ്രത്യേക സ്ഥലത്തോ സമയത്തോ ഏതെങ്കിലും ഹോട്ടലുകളോ റെസ്റ്റോറന്റുകളോ തൽക്കാലത്തേക്ക് നിരോധനങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യകതയുണ്ടെങ്കിൽ ആയത് സർക്കാരിനോട് ശിപാർശ ചെയ്യുക.

(ഐ) ഈ ആക്ട് പ്രകാരമോ അതിനുകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ അതിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(ജെ) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് സംബന്ധിച്ചുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക.

11. <u>ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റിതല അതോറിറ്റിയുടെ യോഗം.</u>—(1) ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റിതല അതോറിറ്റിയുടെ യോഗം മാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണ്.

(2) യോഗത്തിന്റെ ക്വാറം ആകെയുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന് തന്റെ അസാന്നിദ്ധ്യത്തിൽ അംഗങ്ങളുടെ ഇടയിൽനിന്നും ഒരാളെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കാൻ നാമനിർദ്ദേശം ചെയ്യാവുന്നതും അഥവാ നാമനിർദ്ദേശം ചെയ്യുവാൻ കഴിയാതെവരുന്ന സാഹചര്യം സംജാതമായാൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങൾക്ക് ആ സ്ഥാനം വഹിക്കുന്നതിനുവേണ്ടി ഒരംഗത്തിനെ നിർദ്ദേശിക്കാവുന്നതുമാണ്.



12. <u>ബ്ലോക്ക് പഞ്ചായത്തുതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) അതോറിറ്റി മുമ്പാകെ ലഭ്യമായിട്ടുള്ള ഏതൊരു പരാതിയും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(2) ഗ്രാമപഞ്ചായത്തുതല അതോറിറ്റികൾക്ക് അതത് സമയത്ത് ആവശ്യമായ നിർദ്ദേശങ്ങളും ചുമതലകളും നൽകുക.

(3) ഗ്രാമപഞ്ചായത്തുതല സമിതികളുടെ നടപടിക്കെതിരെ വരുന്ന അപ്പീലുകൾ പരിഗണിക്കുകയും ആക്ടിനുള്ളിൽ നിന്നുകൊണ്ട് പരിഹാരം നിർദ്ദേശിക്കുകയും ബ്ലോക്കുതലത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

(4) അതത് സമയങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ജില്ലാ അതോറിറ്റിയും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക.

13. <u>കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്തുതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(എ) ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്കും അതിന്റെ കീഴിലെ ചട്ടങ്ങൾക്കും വിധേയമായി അതത് പ്രദേശങ്ങളിലെ ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ എന്നിവയുടെ നിലവാരവും ഭക്ഷണപാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും സംബന്ധിച്ച മേൽനോട്ടം വഹിക്കുക.

(ബി) നിലവിലുള്ള എല്ലാത്തരം ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും വാർഡുതല ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുക.

(സി) അതത് അതോറിറ്റിയുടെ പരിധിയിൽപ്പെടുന്ന ഫൈവ് സ്റ്റാർ, ത്രീ സ്റ്റാർ ഹോട്ടലുകളും ബാർ അറ്റാച്ച്ഡ്/ഹോട്ടലുകളുടെയും ചെറുകിട ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും പ്രത്യേകമായതും, വിശദവുമായ വാർഡുതല ലിസ്റ്റുകൾ തയ്യാറാക്കുകയും ആയവ നിലവാരമനുസരിച്ച് തരംതിരിക്കുകയും A, B, C, D എന്ന നിലയിൽ പ്രത്യേക സ്ലാബുകൾ നിശ്ചയിക്കുകയും ചെയ്യുക.

(ഡി) അതത് സംഗതിപോലെ സ്ഥലകാല പാരിസ്ഥിതികൾ വിലയിരുത്തി ഓരോ സ്ലാബിലുമുള്ള ഹോട്ടലുകളുടേയും/റെസ്റ്റോറന്റുകളുടേയും എന്തെല്ലാം ക്രമീകരണങ്ങളും സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്നും നിലവിലുള്ള എന്തെല്ലാം കാര്യങ്ങൾ ഒഴിവാക്കുകയോ പരിഷ്കരിക്കുകയോ ചെയ്യണമെന്നും നിർദ്ദേശിക്കുകയും അവ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

(ഇ) അതത് സംഗതിപോലെ—ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ എന്നിവ പരിസരമലിനീകരണം തടയുന്നതിനും, മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആദ്യതവണ പ്രസ്തുത സ്ഥാപനത്തിന് മുന്നറിയിപ്പ് നൽകുകയും മുന്നറിയിപ്പ് നോട്ടീസ് അതത് സ്ഥാപനത്തിൽ പതിക്കുകയും

രണ്ടാം തവണ ആക്ടിന്റെയും അതിന് കീഴിലുള്ള ചട്ടത്തിൽ നിർദ്ദേശിക്കുന്ന പ്രകാരം പിഴ ഈടാക്കേണ്ടതും മൂന്നാം തവണ ഇതാവർത്തിച്ചാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനോ സ്ഥാപനം അടയ്ക്കുന്നതിനോ ഉള്ള ശിപാർശ ജില്ലാ അതോറിറ്റിക്ക് നൽകുകയും ജില്ലാ അതോറിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

(എഫ്) ഓരോ ഹോട്ടലുകളും ഇനംതിരിക്കുന്നതിന്റെ ചുമതല അതത് പ്രാദേശിക അതോറിറ്റികൾക്കാണ് എന്നാൽ അതിനുള്ള മാനദണ്ഡങ്ങൾ ചട്ടങ്ങളിൽ വ്യക്തമായി പറയുകയും പ്രാദേശികമായ പരിതസ്ഥിതിക്കനുസരിച്ച് അതിൽ കൂട്ടിച്ചേർക്കലുകൾ അതത് അതോറിറ്റികൾക്ക് വരുത്താവുന്നതുമാണ്.

(ജി) ഹോട്ടലുകളും റെസ്റ്റോറന്റുകളും ഇനംതിരിക്കുമ്പോൾ സ്ഥാപനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ പരിസ്ഥിതി മലിനീകരണം തടയാൻ മാലിന്യപ്ലാന്റുകൾ, ഭക്ഷ്യ പാനീയങ്ങളുടെ ഉത്പാദന വിതരണ സംവിധാനം, ഗുണമേന്മ, വിലനിലവാരം, പാർക്കിംഗ് സൗകര്യം തുടങ്ങിയ കാര്യങ്ങൾ ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം കാണിക്കുകയും അതത് സംഗതിപോലെ നികുതിയും നിയന്ത്രണവും ഏർപ്പെടുത്തുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

(എച്ച്) അതത് പ്രദേശങ്ങളിൽ റോഡരികിലോ പൊതുസ്ഥലങ്ങളിലോ സ്വകാര്യ വ്യക്തിയുടെ സ്ഥലങ്ങളിലോ സ്വന്തം സ്ഥലത്തോ ഒരു മാസത്തിലധികമായി പ്രവർത്തിക്കുന്ന നാടൻ തട്ടുകടകൾക്ക് താൽക്കാലിക ലൈസൻസും അത്തരം സ്ഥാപനങ്ങൾ നിർബന്ധമായും പാലിക്കേണ്ട ശുചിത്വ ഗുണനിലവാരവും നിബന്ധനയും തയ്യാറാക്കി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുക.

14. നിയമലംഘനത്തിനുള്ള ശിക്ഷ.—(1) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻകീഴിലുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനേയും മൂന്ന് വർഷംവരെയാകാവുന്ന തടവ് ശിക്ഷയോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോയുള്ള ശിക്ഷയും ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിന് 1,000 രൂപ വരെയാകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതുമാകുന്നു.

(2) ഈ ആക്ട് പ്രകാരമോ അതിൻകീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.



(3) ഈ ആക്ട് പ്രകാരം ശിക്ഷാർഹനായിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്ടിലെ യാതൊന്നും തടസ്സമാകുന്നില്ല.

(4) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തിക്കുന്ന അതത് സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് കണ്ടുകെട്ടലിന് വിധേയമാക്കാവുന്നതാണ്.

(5) ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുമായോ ജില്ലാ കളക്ടറുടേയോ അതത് അതോറിറ്റിയുടെ ചെയർമാൻ/സെക്രട്ടറി എന്നിവരുടെ പരാതിയിന്മേൽ ഈ കാര്യത്തിൽ ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടാനാകാത്തതായ ഏതൊരു കുറ്റവും കോടതിക്ക് വിചാരണയ്ക്ക് എടുക്കാവുന്നതാണ്.

15. നിയമഭേദഗതിയും ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യൽ.—(1) പ്രസ്തുത ആക്ടിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുൻപാകെ 14 ദിവസത്തേക്ക് അത് ഒരു സമ്മേളനത്തിനോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിൽ ഉൾപ്പെടാൻ വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിപ്പിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടാകുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു.

16. പരിശോധനയ്ക്കുള്ള സർക്കാരിനുള്ള അധികാരം.—ഈ ആക്ടിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ഒരു ജില്ലാ അതോറിറ്റിയോ ബ്ലോക്ക്-ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതോറിറ്റിയോ എടുക്കുന്ന ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും അതിൻമേൽ സംസ്ഥാന അതോറിറ്റിയുടെ ചെയർമാന് മേൽനടപടി സ്വീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. മറ്റ് നിയമങ്ങളിൻമേലുള്ള അതിപ്രസരം.—ഈ ആക്ടിലെയും അതിൻമേലെടുത്തിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും

നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ ആയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. സർക്കാരിന് പ്രസ്തുത ആക്ട് നടപ്പാക്കുന്നതിനുള്ള ഉറപ്പുവരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

18. അപ്പീൽ.—(1) ഈ ആക്ടിന്റെ കീഴിലോ അതിൻകീഴിലുണ്ടാക്കിയ ചട്ടപ്രകാരമോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതോറിറ്റി പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിൻമേലോ എടുത്ത തീരുമാനത്തിന്മേൽ ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ച് 15 ദിവസത്തിനകം ജില്ലാ അതോറിറ്റിയുടെ ചെയർമാന് അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏതൊരു അപ്പീലും ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം തീരുമാനിക്കേണ്ടതും അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

19. ആക്ടിലെ വൈഷമ്യങ്ങൾ നീക്കംചെയ്യൽ.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഏതൊരു കാര്യവും ചെയ്യാവുന്നതാണ്. എന്നാൽ ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം യാതൊരു ഉത്തരവും ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരു ഉത്തരവും അതുണ്ടാക്കിയതിന് ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വൻകിട പട്ടണങ്ങൾ തുടങ്ങി ചെറുഗ്രാമങ്ങൾവരെയുള്ള വിവിധ പ്രദേശങ്ങളിൽ വിവിധ നിലവാരത്തിലുള്ള ഹോട്ടലുകളും റെസ്റ്റോറന്റുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയ്ക്കുവേണ്ട നിയന്ത്രണങ്ങളോ നിബന്ധനകളോ കാലാനുസൃതമായി ഏർപ്പെടുത്താത്തതിനാലും ഒരേതരത്തിലുള്ള നിലവാരം പുലർത്തുന്ന വിവിധ സ്ഥാപനങ്ങളിൽ വിലയും ഗുണനിലവാരവും അളവും വ്യത്യസ്തമായിരിക്കുകയും ചെയ്യുന്നതിനാലും ഉപഭോക്താക്കൾ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യത്തിൽ നിലവിലെ സംവിധാനങ്ങളുടെ പോരായ്മ പരിഹരിക്കുന്നതിനായി ഒരു നിയമം ഉണ്ടാക്കേണ്ടത് യുക്തമായതിനാൽ സംസ്ഥാനത്തെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയെ അവയുടെ നിലവാരത്തിനനുസരിച്ച് സ്ലാബുകൾ തിരിച്ച് ഭക്ഷണപദാർത്ഥങ്ങളുടെ അളവിലും ഗുണത്തിലും വിലയിലും നിലവാരത്തിനനുസരിച്ച് ഏകീകരണവും നിയന്ത്രണവും വരുത്തുന്നതിനും സംസ്ഥാനത്തെ ഹോട്ടൽ/റെസ്റ്റോറന്റ് എന്നിവ അതതിന്റെ സാധ്യതയ്ക്കനുസരിച്ച് ഉന്നതനിലവാരം പുലർത്തുക എന്നത് ഒരു പുരോഗമന സമൂഹമെന്നനിലയ്ക്ക് നമ്മുടെ കടമയാണെന്നതിനാൽ കേരളം ഉയർത്തിപിടിക്കുന്ന സാംസ്കാരികമൂല്യത്തിനും മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്കും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും അനുഗുണമാകത്തക്കതരത്തിൽ നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.



## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സർക്കാരിന് സാമ്പത്തികബാദ്ധ്യത വരുന്നതാണ്. എന്തുമാത്രം സാമ്പത്തികബാദ്ധ്യത ഉണ്ടാകുമെന്നത് തിട്ടപ്പെടുത്തുവാൻ കാലവിളംബം ഉണ്ടാകുന്നതാണ്. ആയതിനാൽ അതത് സംഗതിപോലെയുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിലെ ഉൾക്കൊള്ളിക്കാവുന്ന തുകയ്ക്ക് പുറമേ സഞ്ചിതനിധിയിൽ നിന്നും 50 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി വരുത്താനും റദ്ദാക്കാനും അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

സി. എച്ച്. കുഞ്ഞമ്പു, എം. എൽ. എ.